പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3836 17/10/2011 ൽ മറുപടിയ്ക്ക്

## രാജീവ്ഗാന്ധി റസിഡൻഷ്യൽ സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ

ചോദ്യം

ശ്രീ. ഐ.സി. ബാലകൃഷ്ണൻ

മറുപടി

കുമാരി. പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ പട്ടികവർഗ്ഗക്ഷേമ വിഭാഗത്തിൽപ്പെട്ട കാട്ടുനായ്ക്ക വിഭാഗത്തിലെ കുട്ടികൾക്ക് പഠിക്കുവാനുള്ള കേരളത്തിലെ ഏക വിദ്യാലയമായ രാജീവ്ഗാന്ധി റസിഡൻഷ്യൽ സ്കൂളിൽ ഓരോ അദ്ധ്യയന വർഷത്തിലും ധാരാളം വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പട്ടികവർഗ്ഗത്തിൽപ്പെട്ട കാട്ടുനായ്ക്കർ വിഭാഗത്തിലെ കുട്ടികൾക്ക് പഠിക്കുന്നതിനായി വയനാട് ജില്ലയിലെ നൂൽപ്പുഴ രാജീവ്ഗാന്ധി ആശ്രമ ഹയർ സെക്കന്ററി സ്കൂളിന് പുറമേ മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ ഇന്ദിരാഗാന്ധി ആശ്രമ സ്കൂളും പ്രവർത്തിക്കുന്നുണ്ട്. രാജീവ്ഗാന്ധി ആശ്രമ ഹയർ സെക്കന്ററി സ്കൂളിൽ 1 മുതൽ +1 വരെ ക്ലാസ്സുകളിൽ ഓരോന്നിലും 40 കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനു കഴിയുന്നുണ്ട്. |
| (ബി) | പ്രസ്തുത സ്കൂളിൽ പുതിയ ഡിവിഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നൂൽപ്പുഴ രാജീവ്ഗാന്ധി ആശ്രമ ഹയർ സെക്കന്ററി സ്കൂൾ റസിഡൻഷ്യൽ സൗകര്യമുള്ള സ്ഥാപനമാണ്. 5 ഏക്കർ സ്ഥലത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 1 മുതൽ ഹയർ സെക്കന്ററിവരെ ക്ലാസുകളിൽ ആൺകുട്ടികളും പെൺകുട്ടികളുമായി 480 വിദ്യാർത്ഥികൾ താമസിച്ചു പഠിക്കുന്നുണ്ട്. ടി സ്കൂളിൽ ഇനിയും കൂടുതൽ ഡിവിഷൻ അനുവദിക്കുന്നത് പ്രായോഗികമല്ല. |
| (സി) | ഈ വിദ്യാലയത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | ഈ സ്കൂളിലെ പുതിയ ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണം നടന്നുവരുന്നു. ടി പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിന് മരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള ഹോസ്റ്റൽ കെട്ടിടത്തിന്റെ നവീകരണത്തിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ